**ഖുത്വ്ബ നമ്പർ 49**

بسم الله الرحمن الرحيم ○ نحمده ونصلي على رسوله الكريم ○ وعلى عبده المسيح الموعود

**ജുമുഅ ഖുത്വ്ബ 2011 ഡിസംബർ 09**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

**വിവർത്തനം: എം. നാസിർ അഹ്മദ് കൊടിയത്തൂർ**



Baitul Futuh, London

# ഇസ്‌ലാമിനെ പ്രബോധിക്കാൻ അഹ്മദിയ്യാ ജമാഅത്ത് മാത്രം

ഹ:മസീഹ് മൗഊദ് തന്റെ വാദം ഉന്നയിച്ചതു മുതൽ ഇന്നേവരെ യാതൊരു തെളിവുമില്ലാതെ, പിടിവാശിയും അഹന്തയും വ്യക്തി താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടി അഹ്മദിയ്യത്തിന്റെ എതിരാളികൾ ആ മഹാത്മാവിന്റെ വാദങ്ങളെ തള്ളിക്കളഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇതിനെതിരിൽ ഹ:മസീഹ് മൗഊദ് ആയിരക്കണക്കിന് തെളിവുകൾ വിശുദ്ധ ഖുർആന്റെയും ഹദീസുകളുടെയും മുൻ മഹാത്മാക്കളുടെ അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. വിശുദ്ധ ഖുർആനിലും ഹദീസിലും പ്രവചിക്കപ്പെട്ട വാഗ്ദത്ത മസീഹ് താനാണെന്ന് അദ്ദേഹം തെളിയിച്ചുകാട്ടിയിട്ടുണ്ട്. മാത്രമല്ല തന്റെ സത്യതക്കുള്ള തെളിവായി അല്ലാഹുവിന്റെ സഹായങ്ങളും ആ മഹാത്മാവ് സമർപ്പിക്കുകയുണ്ടായി. ഓരോ നിമിഷവും അദ്ദേഹത്തോടുള്ള അല്ലാഹുവിന്റെ പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിലും ഈ കാര്യങ്ങൾ വ്യക്തമാക്കുകയുണ്ടായി. എന്നാൽ അല്ലാഹു ആരുടെ ഹൃദയത്തിലാണോ മുദ്ര വെച്ചിരിക്കുന്നത്, ആർക്കാണോ ഹിദായത്ത് നൽകാൻ അല്ലാഹു ഉദ്ദേശിക്കാത്തത് അവർക്ക് ആരാലും ഹിദായത്ത നൽകപ്പെടുന്നതല്ല. അവരുടെ ഹൃദയത്തിലെ പൂട്ട് ആരാലും തുറക്കപ്പെടുന്നതല്ല. എന്നാൽ സദ്പ്രകൃതർ മസീഹ് മൗഊദിനെ അംഗീകരിക്കുകയും അദ്ദേഹത്തിന്റെ ബൈഅത്തിൽ പ്രവേശിക്കുകയും ചെയ്തു. ഹ:മസീഹ് മൗഊദ് ന്റെ ബൈഅത്തിൽ പ്രവേശിക്കാൻ ഭാഗ്യം ലഭിച്ചവർക്ക് അല്ലാഹു ഹിദായത്ത് എഴുതിവെച്ചിരുന്നു. എന്നാൽ നാമധാരികളായ മുല്ലാവർഗത്തിന്റെ ഭയത്തിൽ അവരുടെ പിന്നാലെകൂടി ആ മഹാത്മാവിന്റെ ബൈഅത്തിൽ വരാത്തവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഇറങ്ങിക്കൊണ്ടിരുന്നിട്ടും, ആത്മീയ വർഷം പെയ്തുകൊണ്ടിരുന്നിട്ടും ഈ അനുഗ്രഹത്തിൽ നിന്നും ആത്മീയ വർഷത്തിൽ നിന്നും അകറ്റപ്പെടുകയാണ് ചെയ്തത്. ഇപ്പോഴും ഇതിൽ നിന്നും അകറ്റപ്പെട്ടുകൊണ്ടേയിരിക്കുകയാണ്.

എന്നാൽ ഇതിനു വിപരീതമായി അല്ലാഹു ഹിദായത്ത് നൽകാൻ ഉദ്ദേശിച്ചവർ, നന്മയും സാത്വികതയും ഉള്ളവർ, ഹ:മസീഹ് മൗഊദ് നെ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ കാലത്തും അവർ സ്വീകരിച്ചിരുന്നു. ഇന്നും അങ്ങിനെയുള്ളവർ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. കാരണം കുഴപ്പത്തിന്റെ കാലത്ത് പ്രത്യക്ഷപ്പെടേണ്ട എല്ലാ അടയാളങ്ങളും പുലർന്നു എന്നവർ മനസ്സിലാക്കുന്നു. ഇക്കാലത്ത് ഭൗതികതയോടുള്ള താൽപര്യം വളരെയധികം വർദ്ധിച്ചിരിക്കുന്നു. അല്ലാഹുവിനോടുള്ള ഭയം കുറഞ്ഞിരിക്കുന്നു. ധർമ്മച്യുതി ഏതുവരെ എത്തിയെന്നാൽ ഈ നാമധാരികളായ മുല്ലാവർഗവും അവരുടെ ശിങ്കിടികളും അതിക്രമങ്ങളിൽ അതിരുകടന്നിരിക്കുകയാണ്. അവർ അഹ്മദികളെ അക്രമണത്തിന് കുറിമാനമാക്കുന്നതിന്നായി അല്ലാഹുവിന്റെ ഗ്രന്ഥമായ വിശുദ്ധ ഖുർആനെയും അവന്റെ റസൂലിനെയും നിന്ദിക്കുന്നതിൽ നിന്നുപോലും വിട്ടുനിൽക്കാൻ തയ്യാറല്ല. ഇവയെല്ലാം ചെയ്തതിനുശേഷം ഇതെല്ലാം ചെയ്തത് ഖാദിയാനികളാണെന്ന് കുറ്റവും ചാർത്തുന്നു.

വിശുദ്ധ ഖുർആന്റെ പവിത്രമായ പേജുകൾ അവർ സ്വയം നിലത്തോ ഓവുചാലുകളിലോ ഇടുന്നു. അതല്ലെങ്കിൽ ഡസ്റ്റ്ബിന്നിൽ ഇടുന്നു. എന്നിട്ട് ഏതെങ്കിലും അഹ്മദിയുടെ പേരിൽ കുറ്റം ചുമത്തുന്നു. ഇത്തരം പ്രവർത്തികൾ അഹ്മദികളുടെ മാലാഖപോലും അറിയാത്തതാണ്. ഇത് അറിയുന്നത് പോലീസ് അഹ്മദികളെ പിടിക്കാൻ വീട്ടിൽ വരുമ്പോൾ മാത്രമായിരിക്കും. അതല്ലെങ്കിൽ ഈ ദുഷ്ട പ്രകൃതക്കാരുടെ പ്രകടനം തെരുവുകളിൽ അരങ്ങേറുമ്പോഴായിരിക്കും. ഇവരുടെ മറ്റൊരു രീതി സ്കൂളുകളിൽ അതിന്റെ ചുമരിലും മോശമായ സ്ഥലങ്ങളിലും നമ്മുടെ യജമാനനായ **ഹദ്റത്ത് മുഹമ്മദ് മുസ്തഫ** തിരുമേനിയുടെ പേര് എഴുതിവെക്കുകയും സ്കൂളിലെ അഹ്മദി കുട്ടികളാണ് ഇത് ചെയ്തത് എന്ന് ആരോപിക്കുകയും ചെയ്യുന്നു. **തിരുനബി** യുടെ അഭിമാനസംരക്ഷണത്തിനായി ഓരോ അഹ്മദിയും അവന്റെ ജീവൻ വെടിയാനും അവരുടെ മക്കളുടെ ജീവർ തെണ്ടമാക്കാനും തയ്യാറായിരിക്കുന്നവരാണ്. ആ അഹ്മദികളുടെ പേരിലാണ് ഇവ്വിധം ദുഷ്പ്രവർത്തികൾ ചെയ്യുന്നത്. ഇതിന്റെ പേരിൽ സ്കൂളുകളിൽ നിന്ന് കുട്ടികളെ പുറത്താക്കുന്നു. അവരെ അക്രമിക്കുന്നു; മർദ്ധിക്കുന്നു. ഈ നിഷ്കളങ്കരായ കുട്ടികളുടെ പേരിൽ പ്രവാചകനിന്ദയുടെ കുറ്റം ചുമത്തി കേസ്സ് ചാർജ് ചെയ്യിപ്പിക്കുന്നു. അതിന് ഒരു ജാമ്യവും ലഭിക്കുന്നതല്ല. അതിനുള്ള ശിക്ഷയാണെങ്കിൽ അതികഠിനവുമാണ്. ഒരു അഹ്മദി കുട്ടിക്കുപോലും തന്റെ ജീവിതത്തിൽ ചിന്തിക്കാൻ പോലും കഴിയാത്ത കുറ്റങ്ങളാണ് അവരെക്കുറിച്ച് ആരോപിക്കുന്നത്. ധർമ്മച്യുതി ഇത്രമാത്രം ആകുമ്പോൾ, ദൈവഭയം ഹൃദയത്തിൽ നിന്നും പൂർണ്ണമായും അപ്രത്യക്ഷമാകുമ്പോൾ, നിന്ദ്യവും നീചവുമായ പ്രവർത്തനങ്ങൾ അതിർലംഘിക്കുമ്പോൾ, മർദ്ദിതരുടെ വിലാപങ്ങളും അവരുടെ രോദനങ്ങളും പ്രാർഥനകളും അതിന്റെ നിറം പ്രകടമാക്കുന്നതാണ്. അതുകൊണ്ട് ഇക്കാലത്ത് പ്രത്യേകിച്ച് പാക്കിസ്ഥാനിൽ, ഏതൊരു ദുർഘടാവസ്ഥയിലൂടെയാണോ അഹ്മദികൾ കടന്നുപോകുന്നത് നിങ്ങളുടെ പ്രാർഥനയുടെ പരിധി അഹ്മദിയ്യത്തിന്റെ വിജയം എന്നതിൽ മാത്രം ചുറ്റിക്കറങ്ങേണ്ടതാണ് എന്ന് ഞാൻ മുമ്പും പറഞ്ഞിട്ടുള്ളതാണ്. *അല്ലാഹു അക്രമികളെ വേഗം പിടികൂടട്ടെ.* അവർ ദൈവത്തിന്റെയും ഇസ്‌ലാമിന്റെയും പേരിൽ അക്രമത്തിന്റെ സീമകളെ അതിലംഘിച്ചിരിക്കുന്നു. അല്ലാഹു, ഇസ്‌ലാം, ഹദ്റത്ത് **മുഹമ്മദ് റസൂലുല്ലാഹ്** എന്നിവയെ ദുഷ്പേരിന് പാത്രമാക്കുകയാണ് ഇവർ ചെയ്യുന്നത്. ഇവരിൽ നിന്നുള്ള സദ്പ്രകൃതക്കാർക്ക് അല്ലാഹു കാലഘട്ടത്തിന്റെ ഇമാമിന് തിരുനബി യുടെ സലാം എത്തിക്കുവാനുള്ള ഭാഗ്യം അല്ലാഹു നൽകട്ടെ എന്നും നാം ദുആ ചെയ്യേണ്ടതാണ്.

എം.ടി.എ യിൽ നമ്മുടെ വിവിധ പരിപാടികൾ വരുന്നുണ്ട്.

അതിൽ ലൈവ് പ്രോഗ്രാമിൽ വിളിക്കുന്ന പലരും ജമാഅത്തിന്റെ സത്യാവസ്ഥ മനസ്സിലാക്കി ബൈഅത്തും ചെയ്യുന്നുണ്ട്. മുസ്‌ലിം കളിൽ ഭൂരിഭാഗവും ഈ കുഴപ്പത്തിൽ പങ്കാളികളല്ല. ഒരു ഭൂരി ഭാഗം ഭയം കാരണമായും അറിവില്ലാത്തതുകാരണവും അഹ്മദി യ്യത്തിന്റെ സന്ദേശത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല എന്നത് ശരിതന്നെ. മനസ്സിലാക്കുന്നുണ്ടെങ്കിൽ തന്നെ നാട്ടിലുള്ള നിയമം കാരണം ഭയചകിതരാണ്. രാജ്യത്തിലെ നിയമം മുല്ലാക്കളുടെ ഭയം കാരണം അഹ്മദികൾക്ക് മൗലികമായ അവകാശങ്ങൾ പോലും നൽകുന്നതിൽ നിന്ന് വിട്ട് നിൽക്കുകയാണ്. അവിടെ നിയമ വാഴ്ചയല്ല നടക്കുന്നത്. മുല്ലാവാഴ്ചയാണ്. അഹ്മദികൾ **തിരുനബി** ﷺ ന് പകരം മിർസാ ഗുലാം അഹ്മദ് عليه السلام നെയാണ് അവസാന നബിയായി അംഗീകരിക്കുന്നത് എന്ന മുല്ലാക്കൾ അറി വില്ലാത്ത മുസ്‌ലിംകളെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. നബി ﷺ യുടെ ഈ പ്രേമി എല്ലാ പ്രവാചകന്മാരുടെയും രൂപത്തിൽ എല്ലാ മതവിശ്വാസികളെയും ഖാത്തമുൽ അമ്പിയ ഹ:മുഹമ്മദ് മുസ്ത ഫാ ﷺ യുടെ തൃപ്പാദങ്ങളിൽ സമർപ്പിക്കുവാനാണ് വന്നിരിക്കു ന്നത്. അതല്ലാതെ തിരുനബിക്ക് എതിരിലല്ല വന്നത്. ആ മഹാ ത്മാവ് തെളിവുകൾ മുഖേന ഇസ്‌ലാമിക വൈരികളുടെ വായ അടപ്പിച്ചിരിക്കുകയാണ്. ഇസ്‌ലാമിന്റെ വിരോധികൾക്കു നേരിൽ ഉരുക്കുമതിൽ പോലെ അദ്ദേഹം നിലയുറപ്പിക്കുകയുണ്ടായി. ഇസ്‌ലാമിനെയും നബി ﷺ യെയും എതിർക്കുന്നവരെ തെളിവു കൾ മുഖേന തടയുക മാത്രമല്ല ചെയ്തത് അവരെ തകർത്ത് തരിപ്പണമാക്കുകയും ചെയ്തു. ഈ തെളിവുകൾ മുഖേന ശത്രു ക്കൾക്ക് ഓടിമറയുകയല്ലാതെ മറ്റൊരു പഴുതും ഉണ്ടായിരുന്നി ല്ല. ആ മഹാത്മാവിന് ഇപ്രകാരം ഇൽഹാം ഉണ്ടായി.

قُلْ جَآءَ الْحَقُّ وَزَهَقَ الْبَاطِلُ إِنَّ الْبَاطِلَ كَانَ زَهُوقًا

كُلُّ بَرَكَةٍ مِنْ مُحَمَّدٍ ﷺ وَتَبَارَكَ مَنْ عَلَّمَ وَ تَعَلَّمَ

സത്യംവന്നും അസത്യം ഓടിമറഞ്ഞു. നിശ്ചയമായും അസത്യം ഓടിമറയുന്നത് തന്നെയാണ്. എല്ലാ ബർക്കത്തുകളും മുഹമ്മദ് ﷺ മുഖേനയാണ് ലഭിക്കുന്നത്. അറിവ് നൽകിയവനും അറിവ് നേടിയവനും അനുഗ്രഹീതർ. ഈ വെളിപാടുകളോടൊപ്പം ഫാർസിയിലും ഉർദുവിലും മറ്റ് വെളിപാടുകളും ഉണ്ട്. ഇതെല്ലാം വിവരിച്ചതിനുശേഷം തര്യാഖുൽ ഖുലൂബ് എന്ന ഗ്രന്ഥത്തിൽ പറയുന്നു. "ഈ വെളിപാടുകളിൽ ഒരു പ്രവചനം അടങ്ങിയിരി ക്കുന്നു. അല്ലാഹുതആല എന്റെ കരങ്ങൾകൊണ്ട് ഞാൻ മുഖേന ഇസ്‌ലാം മതത്തിന്റെ സത്യതയും എതിർമതങ്ങളുടെ അസ ത്യതയും തെളിയിച്ചു കാട്ടുന്നതാണ്. അതുകൊണ്ട് ഇന്ന് ആ പ്രവചനം പുലരുകയുണ്ടായി. എനിക്കെതിരിൽ മറ്റുള്ളവരുടെ മതം സത്യമാണ് എന്ന് തെളിയിക്കാൻ എന്റെ എതിരാളികൾ ക്കാർക്കും ശക്തിയില്ല. എന്റെ കയ്യാൽ ആകാശദൃഷ്ടാന്തങ്ങൾ വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. എന്റെ തൂലികയിലൂടെ വിശുദ്ധ ഖുർ ആന്റെ പൊരുളും അതിന്റെ ഉൾക്കാമ്പും പ്രശോഭിതമായിക്കൊ ണ്ടിരിക്കുകയാണ്. എഴുന്നേൽക്കൂ! ലോകം മുഴുവനും നിങ്ങ ളൊന്ന് അന്വേഷിക്കുക. ക്രിസ്ത്യാനികളിൽ നിന്നോ സിക്കുകാ രിൽ നിന്നോ യഹൂദികളിൽ നിന്നോ മറ്റേതെങ്കിലും വിഭാഗത്തിൽ നിന്നോ ആകാശീയ അടയാളങ്ങൾ കാണിക്കാൻ കഴിവുള്ളവരും ആത്മീയ ജ്ഞാനങ്ങളും അധ്യാത്മീകയാഥാർത്ഥ്യങ്ങളും വിവ രിക്കാൻ കഴിവുള്ളവർ ആരെങ്കിലുമുണ്ടോ. അവർക്കെന്നെ നേരി ടാൻ സാധിക്കുമോ. ഏതൊരു വ്യക്തിയുടെ കാലത്തണോ എല്ലാ മതങ്ങളും നശിപ്പിക്കപ്പെടുമെന്നും ഇസ്‌ലാം ഇടക്കാലങ്ങളിൽ ഒരി ക്കലും പ്രശോഭിക്കാത്ത രീതിയിൽ പ്രശോഭിതമാകുമെന്നും സ്വഹീഹായ ഹദീസുകളിൽ പറയപ്പെട്ടിട്ടുണ്ടൊ ആ വ്യക്തി ഞാൻ തന്നെയാണ്." ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം ഇന്ന് ലോകത്ത് നമുക്ക് ഹ്ദറത്ത് മസീഹ് മൗഊദ് عليه السلام മുഖേന വ്യാപിക്കുന്നതായാണ് കാണുന്നത്. ഇന്ന് അദ്ദേഹത്തിന്റെ ജമാഅത്ത് ഒന്ന് മാത്രമാണ് സുസംഘടിതമായി ഒരു നിസാമിന്റെ കീഴിൽ, ഖിലാഫത്തിന്റെ തണലിൽ ഇസ്‌ലാമിന്റെ പ്രബോധന പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ആഫ്രിക്കയിലാ ണെങ്കിലും യൂറോപ്പിലാണെങ്കിലും മറ്റ് ഏത് ഉപഭൂഖണ്ഢങ്ങളി ലാണെങ്കിലും ഏതു നാട്ടിലാണെങ്കിലും ഇസ്‌ലാമിന്റെ യഥാർഥ ചിത്രം സമർപ്പിക്കുന്നത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ്.

ഇസ്‌ലാമിന്റെ ശത്രുക്കൾ വിശുദ്ധ ഖുർആനെയും നബി ﷺ യുടെ അധ്യാപനങ്ങളെയും ആക്രമിച്ചുകൊണ്ടിരിക്കുന്ന ഇക്കാ ലത്ത് ഖുർആൻ എക്സിബിഷൻ നടത്താൻ ഞാൻ ജമാഅത്തു കളോട് പറഞ്ഞിരുന്നു. വിശുദ്ധ ഖുർആന്റെ മനോഹര അധ്യാപ നങ്ങളെ വെളിച്ചത്ത് കൊണ്ടുവരേണ്ടതാണെന്നും പറഞ്ഞിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിവിധ സ്ഥലങ്ങളിൽ ഈ എക്സിബിഷൻ നടക്കുകയുണ്ടായി. നടന്നുകൊണ്ടിരിക്കുന്നു. അതിനുശേഷം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അതു മായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ വരുന്നുണ്ട്. സന്ദർശകർ പറയു ന്നത് നിങ്ങൾ സമർപ്പിക്കുന്ന ഖുർആനും ഇസ്‌ലാമും ഇത് വളരെ മനോഹരമാണ്. ഇതിനെ ഞങ്ങൾ എന്തുകൊണ്ട് ഇതുവരെ എതിർത്തു എന്നതിൽ ഞങ്ങൾ കുണ്ഠിതപ്പെടുകയാണ്. ഇസ്‌ലാ മിന്റെ ഇത്ര മനോഹരമായ അധ്യാപനങ്ങൾ ഞങ്ങളുടെ മുമ്പാകെ ഇതേവരെ വന്നിട്ടില്ല. പലരുംതന്നെ ക്ഷമാപണത്തോ ടെയാണ് കാര്യങ്ങൾ അവതരിപ്പിക്കുന്നത്. വിശുദ്ധ ഖുർആനും മറ്റു ഇസ്‌ലാമിക സാഹിത്യങ്ങളും അവർ വാങ്ങുന്നു. ഈ എക്സി ബിഷൻ സന്ദർശിക്കുന്നവരിൽ വിദ്യാസമ്പന്നരും മാന്യരുമായ മുസ്‌ലിംകളുമുണ്ട്. ക്രിസ്ത്യാനികളും മറ്റു മതസ്ഥരുമെല്ലാം ഉണ്ട്. എല്ലാവരും തന്നെ ഈ പ്രവർത്തനത്തെ വളരെയധികം ശ്ലാഘി ക്കുന്നുണ്ട്. നിങ്ങൾ ചെയ്യുന്ന ഈ പ്രവൃത്തി വളരെ മഹത്തരമാ ണെന്ന് അവർ പറയുന്നു. എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ. മുല്ലാവർഗത്തിൽ ഒരു വിഭാഗം ചില നാടുകളിൽ ഈ എക്സി ബിഷനെയും എതിർക്കുന്നു. ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ പ്രച രിപ്പിക്കുന്നതിനെയാണ് അവർ എതിർക്കുന്നത്.

ഞാൻ ഇവിടെ ഇതിനുമുമ്പും ഇന്ത്യയിലെ കാര്യം പറഞ്ഞി രുന്നു. ഇന്ത്യയിൽ ഡൽഹിയിൽ ഗവൺമെന്റിൽ നിന്നും വാടക ക്ക് വാങ്ങിയ ഒരു ഹാളിൽ നമ്മുടെ ഭാഗത്ത് നിന്നും ഖുർആൻ എക്സിബിഷൻ സംഘടിപ്പിക്കുകയുണ്ടായി. അവിടത്തെ മുല്ലാ ക്കൾ ചില തെമ്മാടികളെ തങ്ങളുടെ കൂടെകൂട്ടി അതിനെതിരിൽ പ്രതിഷേധിക്കുകയുണ്ടായി. ഇതുകാരണം മൂന്ന് ദിവസത്തേക്ക് നടത്താൻ നിശ്ചയിച്ച എക്സിബിഷൻ രണ്ട് ദിവസംകൊണ്ട്തന്നെ അവസാനിപ്പിക്കേണ്ടതായിവന്നു. എന്നാൽ ഈ രണ്ട് ദിവസ ത്തിനിടയിൽ തന്നെ നമ്മുടെ എക്സിബിഷൻ വളരെ സ്വാധീനം ചെലുത്തുകയുണ്ടായി. വിദ്യാസമ്പന്നനും സമൂഹത്തിൽ നല്ല സ്ഥാനവും വഹിക്കുന്ന ഒരു വ്യക്തി എക്സിബിഷനുശേഷം ഖാദി യാനിൽ വരികയുണ്ടായി. അദ്ദേഹം പറയുന്നു. ഞാൻ ആദ്യമാ യാണ് ഖാദിയാനിൽ വരുനനത്. കുറേ യാത്ര ചെയ്താണ് വരു ന്നത്. വിശുദ്ധ ഖുർആന്റെയും ഇസ്‌ലാമിന്റെയും ഇത്രയും ശ്രേഷ്ഠമായ സേവനം ചെയ്യുന്ന വ്യക്തികൾ താമസിക്കുന്ന സ്ഥലവും ഒന്ന് നേരിൽ കണ്ടുകളയാം എന്ന ഉദ്ദേശ്യത്തിലാണ് വന്നത്. അദ്ദേഹം ഖാദിയാനിലെ വിവിധ സ്ഥലങ്ങളിൽ സന്ദർശി ച്ചു. വളരെയധികം സ്വാധീനിക്കപ്പെടുകയും ചെയ്തു.

എന്നാൽ വളരെ ദുഃഖത്തോടുകൂടി മറ്റൊരുകാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ യു.കെ.യിലെ ഒരു നഗര ത്തിൽ കഴിഞ്ഞ ദിവസം നാം എക്സിബിഷൻ നടത്തുകയായി രുന്നു. അവിടെ മുല്ലാക്കളുടെ പ്രതിഷേധം കാരണം പോലീസ് നമ്മുടെ സംഘാടകരോട് എക്സിബിഷൻ നടത്തരുതെന്ന് അപേ ക്ഷിച്ചു. അങ്ങനെയുള്ള അപേക്ഷകളെ തെളിവുകൾ മുഖേന തിര സ്കരിക്കുകയായിരുന്നു വേണ്ടിയിരുന്നത്. എന്നാൽ അവിടത്തെ

പ്രാദേശിക ജമാഅത്ത് സംവിധാനം അവരുടെ ഈ അപേക്ഷ സ്വീകരിക്കുകയാണുണ്ടായത്. എക്സിബിഷൻ ഉപേക്ഷിക്കുകയും ചെയ്തു. എല്ലാ തരത്തിലുമുള്ള സ്വാതന്ത്ര്യമുള്ള ഈ യൂറോപ്യൻ നാടുകളിൽ, മാത്രമല്ല സ്വാതന്ത്ര്യം നൽകുമെന്ന് ഗവൺമെന്റുകൾ പറയുന്നുമുണ്ട്താനും, ഇവിടെയും മുല്ലാക്കളെ തോളിൽ കയറ്റി ഇരുത്തുകയാണെങ്കിൽ ഈ നാട്ടിലും തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്നവരായി മാറുന്നതാണെന്ന് ഭരകൂടത്തെ നാം മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. എക്സിബിഷൻ അവിടെ നടത്താനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

ചിലർ പറയുന്നത് ആരും അറിയാതെ നടത്തിക്കളയാം എന്നാണ്. ആരും അറിയാതെ നടത്തുകയാണെങ്കിൽ അതുകൊണ്ട് എന്ത് പ്രയോജനം? ഒരു ഭാഗത്ത് നാം പറയുന്നത് അല്ലാഹുവിന്റെ യോദ്ധാവിന്റെ പ്രവർത്തനങ്ങളെ മുമ്പോട്ട് കൊണ്ടുപോകുന്നതാണെന്ന്. മറുഭാഗത്ത് ഭീരുത്വം പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഇതു രണ്ടും നടക്കില്ല. ഈ നാട്ടിൽ നിയമവാഴ്ചയുണ്ട്. ഗവൺമെന്റ് പറയുന്നത് നിയമവാഴ്ചയാണ് ഇവിടെയുള്ളതെന്നാണ്. നിയമത്തോട് നാം പറയേണ്ടത് നിങ്ങളുടെ ജോലി ഇത് നടത്താനുള്ള സംവിധാനം ഒരുക്കുക എന്നതാണ്. ഓരോ പൗരനും അവന്റെ അവകാശങ്ങൾ നൽകുകയും അത് സംരക്ഷിക്കുകയും ചെയ്യേണ്ടതാണ് നിങ്ങളുടെ ജോലിയാണ്.

ചുരുക്കത്തിൽ മുല്ലാക്കളുടെ അവസ്ഥയാണിതൊക്കെ. അവർ അമുസ്‌ലിം നാടുകളിൽ പോലും ഇന്ത്യയിലും ഇവിടെ ഇംഗ്ലണ്ടിലുമെല്ലാം ഖുർആന്റെയും ഇസ്‌ലാമിന്റെയും അധ്യാപനങ്ങൾ എത്തിക്കാൻ ശ്രമിക്കുമ്പോൾ ഇതിനെ എതിർക്കാൻ ഈ നാമധാരികളായ മുല്ലാവർഗമാണ് എഴുന്നേറ്റ് നിൽക്കുന്നത്. അമുസ്‌ലീംകളല്ല. അവർ പറയുന്നത് വിശുദ്ധ ഖുർആന്റെ മനോഹര സന്ദേശം എത്തിക്കുക എന്ന ഈ ജോലി അഹ്മദികൾ ചെയ്യുകയോ! ഇത് ഞങ്ങൾക്ക് സഹിക്കാൻ കഴിയില്ല; അത്രയും അപകടകരമായ പ്രവർത്തിയാണിത് എന്നാണ്. ഇസ്‌ലാമിന്റെ കുത്തകാവകാശികളെന്ന് പറയുന്ന ഇവരുടെ തനിനിറമാണിത്. എന്നാൽ നാം നമ്മുടെ ജോലി ചെയ്തുകൊണ്ടേ പോകണം. ഏത അവസ്ഥയിലും നമുക്ക് ഇസ്‌ലാമിക വൈരികളുടെ വായ അടപ്പിക്കണം. വിശുദ്ധ ഖുർആന്റെ അധ്യാപനം اِنْ شَآءَ اللّٰه ലോകത്ത് പരത്തുകതന്നെ ചെയ്യും. ഇതു ചെയ്തുകൊണ്ടേ പോകുന്നതാണ്. അങ്ങനെ ലോകത്തെ **തിരുനബി** ﷺ യുടെ തൃപ്പാദങ്ങളിൽ കൊണ്ടുവരുന്നതാണ്. പാശ്ചാത്യ നാടുകളിൽ നിയമത്തിന്റെ മുമ്പിൽ എല്ലാവരെയും തുല്യരായി കാണുന്നു എന്നത് വലിയ ഒരു ഗുണമാണ്. ഇവിടെ നമുക്ക് വല്ല തടസ്സവും ഉണ്ടെങ്കിൽ ഇവിടെ നിയമസഹായം തേടേണ്ടതാണ്. ഇവിടെയുള്ള നിയമവാഴ്ചയുടെ ശ്രേഷ്ഠതക്കുള്ള ഒരു ഉദാഹരണം ഞാൻ കേൾപ്പിക്കാം. കഴിഞ്ഞ ദിവസങ്ങളിൽ യൂറോപ്യൻ പര്യടനത്തിനായി ഞാൻ പോയപ്പോൾ മടക്കയാത്രയിൽ ഒരു ജുമുആ ഹോളണ്ടിലാണ് നിർവ്വഹിച്ചത്. അവിടെ ഞാൻ അവിടെയുള്ള ഒരു രാഷ്ട്രീയ പ്രവർത്തകനും മെമ്പർ ഓഫ് പാർലിമെന്റും ഒരു പാർട്ടിയുടെ ലീഡറുമായ വിൽഡറിന് ഒരു സന്ദേശം ഖുത്വുബയിൽ നൽകിയിരുന്നു. അതായത് നിങ്ങൾ ഇസ്‌ലാമിന്നെതിരിലും **തിരുനബി** ﷺ ക്കെതിരിലും നിന്ദ്യമായ ആക്ഷേപം ഉന്നയിക്കുന്നതിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. വളരെ നീചമായ രീതിയിൽ ആക്ഷേപിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇതിൽ നിന്ന് വിട്ടു നിൽക്കുക. അല്ലെങ്കിൽ നിശബ്ദമായി ചലിക്കുന്ന അല്ലാഹുവിന്റെ ലാത്തിയെ നിങ്ങൾ ഭയപ്പെടുക. അത് അതിന്റെ സമയത്ത് നിങ്ങളെപ്പോലെയുള്ളവരെ നശിപ്പിച്ച് ഇല്ലാതാക്കുകയും ചെയ്യുന്നതാണ്. നിങ്ങളെപ്പോലെയുള്ളവരെ പിടിക്കാൻ അല്ലാഹുവിന് കഴിവുണ്ട്. ഞാൻ പറഞ്ഞ മറ്റൊരു കാര്യം ഞങ്ങൾക്ക് ഭൗതികമായ ഒരു കഴിവുമില്ല. ദുആ മുഖേന നിങ്ങളെ ഞങ്ങൾ നേരിടുന്നതാണ് എന്നാണ്. ഈ ഖുത്വുബയുടെ സംഗ്രഹം പ്രസ്സ് റിലീസായി തയ്യാറാക്കി കൊടുക്കുന്നതിന് അതിന്റെ ഇൻചാർജ് എന്റെ അടുക്കൽ കൊണ്ടുവന്നു. മറ്റെല്ലാ കാര്യവും അദ്ദേഹം എഴുതിയിരുന്നു. എന്നാൽ ഞങ്ങളുടെ കൈവശം ഭൗതികമായ ഒരായുധവുമില്ലെന്നും നിങ്ങളെപ്പോലെയുള്ളവർ നശിച്ചുപോകട്ടെ എന്ന് ഞങ്ങൾ ദുആ ചെയ്യുന്നതാണെന്നും അതിൽ എഴുതിയിരുന്നില്ല. ഞാൻ പറഞ്ഞു. ഇക്കാര്യം നിർബന്ധമായും എഴുതിയിരിക്കണം. അതാണ് ഞാൻ പറഞ്ഞത്. യഥാർഥത്തിൽ നമ്മുടെ എതിരാളികളെ നാം നേരിടുന്നത് തെളിവുകൾ മുഖേനയും അതിലുമുപരി പ്രാർഥന മുഖേനയാണ്.

ഈ പ്രസ്സ് റിലീസ് വിൽഡറും വായിച്ചു. അയാൾ ഗവൺമെന്റിന് ഒരു കത്തയച്ചു. ആഭ്യന്തര മന്ത്രിയോട് ചില ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. ഇത് പ്രസ്സിൽ വന്നപ്പോൾ അവിടത്തെ ജമാഅത്ത് എന്നോട് പറഞ്ഞു; അയാൾ ഈ രീതിയിലാണ് ചോദ്യങ്ങൾ ഉന്നയിച്ചിരിക്കുന്നത് എന്ന്. എനിക്ക് തോന്നുന്നത് അവിടത്തെ ജമാഅത്തിന് അൽപം ഭയമുണ്ടെന്നാണ്. അപ്പോൾ ഞാൻ പറഞ്ഞു. ഗവൺമെന്റ് ഇതിനെക്കുറിച്ച് ചോദിക്കുകയാണെങ്കിൽ ഭയപ്പെടേണ്ട കാര്യമില്ല. വെപ്രാളപ്പെടേണ്ട കാര്യവുമില്ല. നിങ്ങളുടെ കാഴ്ചപ്പാട് തുറന്നടിക്കുക. ഈ പ്രശ്നത്തിന് അടിത്തറ പാകിയത് തെറ്റായ പ്രവർത്തികൾ ചെയ്യുന്ന ആ വ്യക്തി തന്നെയാണ്. അയാൾ **തിരുനബി** ﷺ ക്കെതിരിൽ മോശമായ ഫിലീമും നിർമ്മിച്ചിട്ടുണ്ട്. അതിൽ അതിനീചമായ ഭാഷയാണ് ഉപയോഗിച്ചിട്ടുള്ളത്. ഇസ്‌ലാമിന് ചീത്തപ്പേരുണ്ടാക്കാനാണ് ശ്രമിച്ചത്. അതിനുള്ള മറുപടിയാണ് നാം നൽകിയത്. അല്ലാഹു തന്റെ പ്രവാചകന്റെ അഭിമാനം കാത്തുസൂക്ഷിക്കുന്നവനാണെന്നും അല്ലാഹു അങ്ങനെയുള്ളവരെ പിടികൂടുന്നതാണെന്നും നാം മറുപടി നൽകിയിരുന്നു. അല്ലാഹുവിനെ ഭയപ്പെടേണ്ടതാണ്. ഏതായിരുന്നാലും അയാൾ അയച്ച ചോദ്യങ്ങൾക്ക് ഗവൺമെന്റ് മറുപടി നൽകുകയുണ്ടായി. അത് പത്രങ്ങളിലും വന്നിട്ടുണ്ട്.

ഒന്നാമത്തെ ചോദ്യം വിൽഡർ ചോദിച്ചത് വേൾഡ് മുസ്‌ലിം ലീഡർ വാണിംഗ് റ്റു ഡച്ച് പൊളിറ്റീഷ്യൻ വിൽഡർ എന്ന ഈ പ്രസ്സ് റിലീസ് ഗവൺമെന്റിന്റെ അറിവിൽ വന്നിട്ടുണ്ടോ.

ആഭ്യന്തരകാര്യ മന്ത്രി അതിനു മറുപടി പറഞ്ഞത് അതിനെക്കുറിച്ച് എനിക്കറിയാം എന്നാണ്. അത് ഞാൻ വായിച്ചിട്ടുണ്ട്.

അടുത്ത ചോദ്യം മിർസാ മസ്റൂർ അഹ്മദ് പറഞ്ഞത്: ഓർത്തിരിക്കുക, നിങ്ങളും നിങ്ങളുടെ പാർട്ടിയും നിങ്ങളെപ്പോലെയുള്ളവരും അവസാനം നശിക്കുന്നതാണ്. വിൽഡർ മന്ത്രിക്ക് എഴുതിയതാണിത്. തുടർന്ന് എഴുതുന്നു. ഈ അപകടകരമായ പ്രസ്ഥാവനക്കെതിരിൽ ആഭ്യന്തര മന്ത്രാലയം മുസ്‌ലിം സംഘടനക്കെതിരിൽ എന്ത് നടപടിയാണ് എടുക്കാൻ തീരുമാനിച്ചിരിക്കുന്നത്.

ഡച്ച് ആഭ്യന്ത കാര്യമന്ത്രി ഇതിന് മറുപടി നൽകിക്കൊണ്ട് എഴുതി. പ്രസ്സ് റിലീസിന്റെ അടിസ്ഥാനത്തിൽ മർസാ മസ്റൂർ അഹ്മദ് സാഹിബ് പറഞ്ഞത് അങ്ങനെയുള്ള വ്യക്തികളും ഗ്രൂപ്പുകളും ഏതെങ്കിലും ഭാഹ്യമായ അക്രമം കാരണമോ ആയുധങ്ങൾകൊണ്ടോ അല്ല നശിപ്പിക്കപ്പെടുക, പ്രാർത്ഥന മുഖേനയാണ് നശിപ്പിക്കപ്പെടുക എന്നതാണ്. ഈ പ്രസ്ഥാവനയിൽ കുഴപ്പം സൃഷ്ടിക്കുന്ന ഒരു കാര്യവും ഞാൻ കാണുന്നില്ല. അതല്ലെങ്കിൽ ഇത് കുഴപ്പത്തിന് കാരണമാകുമെന്നും കരുതുന്നില്ല. അതുകൊണ്ട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്നെതിരിൽ വല്ല നടപടിയും എടുക്കാൻ ഒരു കാരണവും ഞാൻ കാണുന്നില്ല.

മൂന്നാമത്തെ ചോദ്യം അയാൾ ഉന്നയിച്ചത് അഹ്മദിയ്യാ മുസ്‌ലിം കമ്മ്യൂണിറ്റി ഹോളണ്ടും ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നേതാവ് മിർസാ മസ്റൂറ് അഹ്മദുമായി എന്താണ് ബന്ധം.

ഡച്ച് മന്ത്രി മറുപടി നൽകി. അഹ്മദിയ്യാ ജമാഅത്ത് ഹോളണ്ട് ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഒരു ഭാഗമാണ്. ഇതാണ് അവരുടെ മറുപിടി. ഇത് അവരുടെ നീതിനിഷ്ഠയാണ്.

ഒരു രാഷ്ട്രീയ പ്രവർത്തകനും പാർട്ടി ലീഡറും എം.പി. യും മാത്രമല്ല അവരുടെതന്നെ മതത്തിൽ പെട്ട വ്യക്തിയും കൂടി ആയിരുന്നിട്ടുപോലും ചോദ്യങ്ങൾ ചോദിക്കുമ്പോൾ നീതിയിലധിഷ്ഠിതമായ മറുപടിയാണ് നൽകുന്നത്. വിൽഡർ സാഹിബ് ജമാഅത്തിന്നെതിരിൽ വല്ലതും കിട്ടുമോ എന്ന് നോക്കാനായി ജമാഅത്തിനെക്കുറിച്ച ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണെന്നാണ് അറിയാൻ കഴിഞ്ഞത്. ഈ എതിരാളികൾ എത്രതന്നെ പ്രയത്നിച്ചാലും അവർക്ക് ഒന്നും ലഭിക്കില്ല. ഇത് ദൈവിക പ്രസ്ഥാനമാണ്. ഇത് സത്യവും നേരുമാണ് പറയുക. ഇത് മാത്രമേ അവർക്ക് ലഭിക്കുകയുള്ളൂ.

ഇക്കാലത്തെ ഇമാം ഇസ്‌ലാമിന്റെ സന്ദേശം ലോകത്തിന്റെ കോണുകളോളം എത്തിക്കാനും ശത്രുക്കളുടെ വായ തെളിവുകൾ മുഖേന അടപ്പിക്കുന്നതിനുമുള്ള ജോലിയുമാണ് ഏൽപ്പിച്ചത്. ഓരോരുത്തരുടെയും കഴിവും പ്രാപ്തിയുമനുസരിച്ച് ഓരോ അഹ്‌മദിയും ഈ പ്രവർത്തി ചെയ്തുകൊണ്ടിരിക്കുന്നു. ഇസ്‌ലാമിന്റെ വൈരികൾ ഇസ്‌ലാമിനെ എതിർക്കുന്നത് കാണുമ്പോൾ അവിടെ പ്രതിരോധിക്കുന്നതും അഹ്‌മദികളാണ്. കാര്യങ്ങൾ ലോകത്തിന് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (عليه السلام) മുഖേന നമുക്ക് ലഭിച്ച ജ്ഞാനമാണിത്. ഇത് നാം ഉപയോഗപ്പെടുത്തുന്നു. ഇതുമുഖേന ഓരോ അഹ്‌മദിയും ഒരുവിധ അപകർശതാബോധവുമില്ലാതെ വലിയ വലിയ ലീഡർമാർക്കും മതനേതാക്കന്മാർക്കും ഇസ്‌ലാമിന്റെ സന്ദേശം എത്തിച്ചുകൊണ്ടിരിക്കുകയാണ്. മറ്റുള്ളവർ ലീഡറെ കാണാൻ പോകുന്നത് അതിൽ ആനന്ദിക്കാനോ ഭൗതികമായ കാര്യതാൽപര്യങ്ങൾ സാധിക്കാനോ ആയിരിക്കും. ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കാൻ ഒരിക്കലും അവർ ധൈര്യം കാണിക്കാറില്ല.

കഴിഞ്ഞ ദിവസം കബാബീറിലെ അമീർ സാഹിബിന് ഒരു സംഘത്തോടൊപ്പം ഇറ്റലി സന്ദർശിക്കാനുള്ള അവസരം ലഭിച്ചു. അവിടെ പോകുന്നതിനുമുമ്പേ അദ്ദേഹം എന്നോട് പറഞ്ഞിരുന്നു. ഈ സംഘത്തിൽ എല്ലാ മതസ്ഥരുമുണ്ട്. ഒരു മതപരമായ ടൂറാണ്. പോപ്പുമായും മുലാക്കാത്ത് നടത്താൻ കഴിയുമെന്നാണ് തോന്നുന്നത്. പോപ്പ് ക്ഷണിച്ചതുകൊണ്ടാണ് പോകുന്നതുതന്നെ. അദ്ദേഹത്തിന് ഒരു സന്ദേശം നൽകുന്നത് ഉചിതമായിത്തോന്നുന്നുവെങ്കിൽ ഹുസൂറിന്റെ ഭാഗത്ത് നിന്ന് ഒരു സന്ദേശം നൽകിയാലും. വിശുദ്ധ ഖുർആന് ഉപഹാരമായി നൽകുകയും ചെയ്യാം. അപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു. ഇത് വളരെ നല്ല കാര്യമാണ്. നിർബന്ധമായും നൽകുക. ഞാൻ ഇവിടെ നിന്ന് എന്റെ സന്ദേശം എഴുതി അയച്ചു. ഇത് പോപ്പിന് നൽകണമെന്ന് പറഞ്ഞു. അതിന്റെ കോപ്പികൾ അദ്ദേഹം എടുത്തിരുന്നു. അവിടെ പോയപ്പോൾ അത് പോപ്പിനുകൊടുത്തു. വത്തിക്കാനിലെ ഉന്നതരായ പാതിരിമാർക്കും നൽകി. വിശുദ്ധ ഖുർആൻ പോപ്പിന് ഉപഹാരമായി നൽകുകയും ചെയ്തു. അതിന്റെ ഫോട്ടോ അവിടെയുള്ള പത്രങ്ങളിൽ വന്നിട്ടുണ്ട്.

ശരീഫ് ഔധേ സാഹിബ് ഇതിനുശേഷം എഴുതിയ റിപ്പോർട്ടിന്റെ ഒരു ഭാഗം ഞാൻ കേൾപ്പിക്കാം. എഴുതുന്നു. "ഈ വിനീതൻ ഇറ്റലിയിൽ പോപ്പിന്റെ വാസസ്ഥലമായ വത്തിക്കാനിൽ നവമ്പർ 10,11 2011 ൽ വിവിധ മതനേതാക്കന്മാർ അടങ്ങുന്ന പര്യടനസംഘത്തോടൊപ്പം പോപ്പിനെ മുലാക്കാത്ത് നടത്തുകയുണ്ടായി. അതിൽ ഇസ്റായീലിലെ ഖാഖാം ആഅ്‌ളം (അവരുടെ പ്രധാന പുരോഹിതൻ), കുറച്ച് ക്രിസ്ത്യൻ യഹൂദ മുസ്‌ലിം ഉദ്യോഗസ്ഥന്മാരും ഉൾകൊള്ളുന്നു. വിനീതൻ പോപ്പിന് ഹുസൂറിന്റെ കത്ത് നൽകി. ഇതിൽ ആഗോള അഹ്‌മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ വളരെ പ്രധാനപ്പെട്ട ഒരു സന്ദേശമുണ്ടെന്നും അറിയിച്ചു. അദ്ദേഹം സ്വന്തം കരങ്ങളാൽ ഈ കത്ത് കൈപറ്റി. ഇറ്റലി ഭാഷയിലുള്ള ഖുർആൻ തർജുമയും നൽകുകയുണ്ടായി. ഇറ്റലി, ഇസ്റാഈൽ ടി.വി. ചാനലുകളും ഇറ്റാലിയൻ പത്രങ്ങളും ഇസ്റാഈൽ പത്രങ്ങളും പോപ്പിന്റെ കൂടെയുള്ള എന്റെ ഫോട്ടോ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മുലാകാത്തിന്ശേഷം വത്തിക്കാൻ റേഡിയോയിൽ ഒരു പ്രസ്സ് കോൺഫ്രൻസ് ഉണ്ടായിരുന്നു. അതിൽ ഹുസൂറിന്റെ കത്തിനെക്കുറിച്ച് പരാമർശിച്ചു. അതിന്റെ ചുരുക്കം കേൾപ്പിച്ചു. പത്രപ്രവർത്തകർക്കിടയിൽ ആ കത്തിന്റെ കോപ്പികൾ വിതരണം ചെയ്യുകയും ചെയ്തു. വത്തിക്കാനിലെ മധ്യപൗരസ്ത്യ ദേശത്തെ ചർച്ചിന്റെ ചുമതലയുള്ള കാർദിനാലിനും മറ്റും കോപ്പി നൽകി. മതസമ്പർക്ക കമ്മിറ്റിയുമായി ബന്ധപ്പെടുകയും ചെയ്തു. അവരുടെ സമ്മേളനത്തിൽ ക്ഷണിക്കാൻ എന്റെ അഡ്രസ്സും അവർ വാങ്ങിയിട്ടുണ്ട്. അവരുടെ കോൺഫ്രൻസ് അടുത്ത വർഷമാണ് നടക്കുന്നത്.

ഞാൻ പോപ്പിനെഴുതിയ കത്തിന്റെ ചുരുക്കം കേൾപ്പിക്കാം. ആദ്യം അഭിവാദനങ്ങൾ അർപ്പിച്ചുകൊണ്ട് വിശുദ്ധ ഖുർആന്റെ ആയത്ത് അതിൽ എഴുതി.

قُلْ يَآ أَهْلَ الْكِتٰبِ تَعَالَوْا إِلٰى كَلِمَةٍ سَوَآءٍ بَيْنَنَا وَبَيْنَكُمْ أَلَّا نَعْبُدَ إِلَّا اللهَ وَلَا نُشْرِكَ بِهٖ شَيْئًا وَّلَا يَتَّخِذَ بَعْضُنَا بَعْضًا أَرْبَابًا مِّنْ دُوْنِ اللهِ

പറയുക. വേദക്കാരെ. ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക് നിങ്ങൾ വരുവിൻ. അതായത് അല്ലാഹുവിനെയല്ലാതെ മറ്റാരെയും നാം ആരാധിക്കാതിരിക്കുകയും, അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും നമ്മിൽ ചിലർ ചിലരെ അല്ലാഹുവിന് പുറമെ രക്ഷാകർത്താക്കളാക്കാതിരിക്കുകയും ചെയ്യുക. തുടർന്ന് ഞാൻ അതിൽ എഴുതിയത് ഇപ്രകാരമാണ്. ചുരുക്കമാണ് കേൾപ്പിക്കുന്നത്. ഇക്കാലത്ത് ഇസ്‌ലാം ലോകസമക്ഷം ആക്ഷേപത്തിന് പാത്രമായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ അധ്യാപനങ്ങളെ പരിഹസിച്ചുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം ചില മുസ്‌ലിംകളുടെ പ്രവർത്തനഫലമായിട്ടുതന്നെയാണെങ്കിലും ഈ രീതിയിൽ പരിഹസിക്കപ്പെടുന്നത് ശരിയല്ല. ചില മുസ്‌ലിംകളുടെ പ്രവർത്തനഫലമായി വിദ്യാസമ്പന്നരായവർപോലും ഇസ്‌ലാമിനെയും **മുഹമ്മദ് നബി** ﷺ യെയും അക്രമിക്കുന്നതിന് ധൈര്യം കാണിക്കുന്നു. എല്ലാ മത സ്ഥാപകരുടെയും മതങ്ങളുടെയും ലക്ഷ്യം സൃഷ്ടികളെ സൃഷ്ടാവുമായി ബന്ധപ്പെടുത്തുക എന്നതാണ്. ഇസ്‌ലാമിന്റെ അധ്യാപനവും ഇതുതന്നെ. അതുകൊണ്ട് ചിലരുടെ പ്രവർത്തനകാരണമായി ഇസ്‌ലാമിനെ അക്രമിക്കുന്നത് ന്യായീകരിക്കാവുന്നതല്ല.

ഇസ്‌ലാം എല്ലാ പ്രവചാകന്മാരെയും ആദരിക്കുവാനാണ് പഠിപ്പിക്കുന്നത്. വിശുദ്ധ ഖുർആനിലും ബൈബിളിലും ആ പ്രവാചകന്മാരെക്കുറിച്ച് പറയുന്നുണ്ട്. ഹ: **മുഹമ്മദ് മുസ്തഫ** ﷺ യുടെ വിനീത ദാസരായ ഞങ്ങൾക്ക് **തിരുനബി** ﷺ യുടെ അഭിമാനത്തിന് ക്ഷതമേൽപ്പിക്കുന്ന രീതിയിലുള്ള നിന്ദാ വാചകങ്ങൾ കേൾക്കുമ്പോൾ അധിയായ വേദന അനുഭവിക്കുന്നു. ഇതിനുള്ള മറുപടി ഞങ്ങൾ നൽകുന്നുണ്ട്. അത് ആ മഹാത്മാവിന്റെ ഉദാത്തമായ അധ്യാപനങ്ങൾ ലോകസമക്ഷം സമർപ്പിച്ചുകൊണ്ടും വിശുദ്ധ ഖുർആന്റെ അധ്യാപനം ലോകത്തിന്റെ മുമ്പാകെ വെച്ചുകൊണ്ടുമാണ്. അത് സ്നേഹത്തിന്റെയും സൗഹാർദ്ധത്തിന്റെയും അധ്യാപനമാണ്. ഇസ്‌ലാമിന്റെ അടിസ്ഥാന അധ്യാപനംതന്നെ തഖ്‌വയിൽ മുന്നേറുക എന്നതാണ്. ഇതു പ്രചരിപ്പിക്കാനാണ് അഞ്ചുനേരവും ഞങ്ങളുടെ മസ്ജിദുകളിൽ നിന്ന് ശബ്ദം ഉയരുന്നത്. അതിൽ അല്ലാഹുവിന്റെ മഹത്വത്തെ പ്രഘോഷിക്കുന്നുണ്ട്. ഹദ്റത്ത് **മുഹമ്മദ് റസൂലുല്ലാഹി** ﷺ അല്ലാഹുവിന്റെ റസൂലാണെന്നും അതിൽ പ്രഖ്യാപിക്കുന്നു.

ഇന്ന് ലോകത്ത് ശാന്തി നഷ്ടപ്പെടാനുള്ള കാരണം സ്വാതന്ത്ര്യത്തിന്റെയും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെയും പേരും

പറഞ്ഞ് ചിലർ ചിലരുടെ വികാരത്തെ ഇളക്കി വിടുന്നതിന്റെ ഫലമാണ്. മതപരമായും ബുദ്ധിമുട്ടിപ്പിക്കുന്നു. ഇന്ന് ലോകത്ത് ചെറിയതോതിൽ യുദ്ധങ്ങൾ നടക്കുന്നുണ്ട്. ഈ യുദ്ധങ്ങളെ അവസാനിപ്പിക്കാനുള്ള ശ്രമമാണ് ഇന്ന് ലോകത്തിന് ആവശ്യം. അല്ലെങ്കിൽ ലോകമഹായുദ്ധമായി ഇതു മാറിയേക്കാം. അതുകൊണ്ട് ഭൗതികമായ പുരോഗതി കൂടുതൽ കൈവരിക്കണം എന്ന ചിന്ത ഉപേക്ഷിച്ചുകൊണ്ട് ഇതിനെ നാശത്തിൽ നിന്നും രക്ഷപ്പെടുത്താൻ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ നാശം സുനിശ്ചിതമാണ്. അതുകൊണ്ട് മതനേതാക്കന്മാർ പരസ്പരമുള്ള ശത്രുതയും അവകാശധ്വംസനവും മറ്റും ഇല്ലാതെയാക്കി ലോകത്തെ രക്ഷിക്കാൻ ശ്രമിക്കേണ്ടതാണ്. താങ്കൾക്ക് ലോകത്ത് ഒരു സ്ഥാനമുണ്ട്. വലിയ അനുയായി വൃന്ദമുണ്ട്. അതുകൊണ്ട് ഇതിനായി ശ്രമിക്കുക. ഇന്ന് ലോകമതങ്ങളെല്ലാം പരസ്പരം സഹകരിച്ചുകൊണ്ട് ശാന്തിക്ക്വേണ്ടി പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഈ രീതിയിൽ പടച്ച തമ്പുരാനെ തിരിച്ചറിയുന്നതിലേക്ക് ജനങ്ങൾ എത്തിച്ചേരേണ്ടതാണ്.

ഞാൻ അയച്ച് കത്തിന്റെ ചുരുക്കമാണിത്. *അല്ലാഹു ഈ സന്ദേശം അദ്ദേഹത്തിന് മനസ്സിലാക്കിക്കൊടുക്കട്ടെ. വായിച്ചിരിക്കും. മനുഷ്യമൂല്യങ്ങളെ സ്ഥാപിക്കുന്നവരായി ഇവർ മാറട്ടെ. മതങ്ങളെ ആദരിക്കുന്നവരുമാകട്ടെ. പരമപ്രധാനമായി ഏകനായ അല്ലാഹുവിനെ തിരിച്ചറിയുന്നവരായി ഇവർ മാറട്ടെ.* ശരീഫ് സാഹിബിന്റെ റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നതുപോലെ മറ്റു മുസ്‌ലിം ലീഡർമാരും ഉന്നതരും എല്ലാം ഉണ്ടായിരുന്നിട്ടും പോപ്പിന് ഇസ്‌ലാമിന്റെയും വിശുദ്ധ ഖുർആന്റെയും സന്ദേശം എത്തിക്കാൻ കഴിഞ്ഞത് കാലഘട്ടത്തിന്റെ ഇമാമിന്റെയും അല്ലാഹുവിന്റെ ഫയൽമാന്റെയും ഒരു ശിഷ്യനാണ്. എന്നിട്ടും ഇക്കൂട്ടർ പറയുന്നത് അഹ്മദികൾ മുസ്‌ലിംകളല്ല എന്ന്; നഊദുബില്ലാഹ് അഹ്മദികൾ **നബി**ﷺ യെയും ഖുർആനെയും നിന്ദിക്കുന്നവരാണെന്നും ഇവർ ആക്ഷേപിക്കുന്നു. ഞങ്ങൾ മസീഹ് മൗഊദ് عليه السلام നൊപ്പം ചേർന്ന് ഇസ്‌ലാമിന്റെ വിജയദൃശ്യം പുതിയ പ്രതാപത്തോടെ ഇന്നുവരെ കണ്ടുകൊണ്ടിരിക്കുന്നു. വിദ്വേഷവും പകയും മനസ്സിലില്ലാത്ത അന്യർപോലും ഹ: മസീഹ് മൗഊദ് തന്റെ ലക്ഷ്യം കരസ്ഥമാക്കി എന്ന് അംഗീകരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെതിരിൽ ഒരു കള്ളക്കേസ് കൊടുത്തിരുന്നു. ഹെൻകി മാർട്ടിൻ ക്ലാർക്ക് എന്ന പാതിരിയാണ് ഈ കേസ്സ് കൊടുത്തിരുന്നത്. ഹ:മസീഹ് മൗഊദ് عليه السلام ഉം ക്രിസ്ത്യാനികളും തമ്മിൽ ഒരു സംവാദം നടന്നിരുന്നു. അതിൽ ഏറ്റ പരാജയത്തിന് പ്രതികാരം ചെയ്യുക എന്നതായിരുന്നു ഈ കള്ള കേസിന് പിന്നിലുണ്ടായിരുന്ന ലക്ഷ്യം. ഈ സംവാദത്തിന്റെ വിശദീകരണം **ജങ്കെ മുഖദ്ദസ്** എന്ന ഹ:മസീഹ് മൗഊദ് عليه السلام ന്റെ ഗ്രന്ഥത്തിൽ ലഭിക്കുന്നതാണ്. മാർട്ടിൻ ക്ലാർക്ക് ഹ:മസീഹ് മൗഊദ് عليه السلام നെതിരിൽ ഒരു കൊലക്കുറ്റത്തിനുള്ള കേസ്സാണ് നൽകിയിരുന്നത്. ഇതിന്റെ വിശദീകരണം **കിതാബുൽ ബരിയ്യ** എന്ന വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥത്തിൽ ലഭിക്കുന്നതാണ്.

ഈ കേസിൽ അന്നത്തെ ജഡ്ജ് ക്യാപ്റ്റൻ ഡഗ്ലസ് മസീഹ് മൗഊദ് عليه السلام നെ വെറുതെ വിട്ടു. പിലാത്തോസ് രണ്ടാമൻ എന്നാണ് ഈ ജഡ്ജിക്ക് അദ്ദേഹം നാമകരണം ചെയ്തത്. ഇതും വളരെ വിശദീകരണാർഹമാണ്. ഡോക്ടർ ഹെൻറി മാർട്ടിൻ ക്ലാർക്ക് ഈ കേസിൽ പൂർണ്ണമായും പരാജയപ്പെടുകയും നിന്ദ്യനാകുകയും ചെയ്തു. ഇയാൾക്കെതിരിൽ അപമാനക്കുറ്റം ചുമത്തി വേണമെങ്കിൽ കേസ്സ് കൊടുക്കാം എന്നുപോലും ജഡ്ജ് പറഞ്ഞതായിരുന്നു.

കഴിഞ്ഞ ദിവസം എം.ടി.എ.യിൽ ജോലി ചെയ്യുന്ന ആസിഫ് സാഹിബ് പറഞ്ഞു. ഹെന്റി മാർട്ടിൻ ക്ലാർക്കിന്റെ പുത്രന്റെ പൗത്രനെ കാണാനിടയായി. അദ്ദേഹം ഹുസൂറിനെ കാണാൻ ആഗ്രഹിക്കുന്നു. അപ്പോൾ ഞാൻ പറഞ്ഞു. അദ്ദേഹത്തെ ഏതെങ്കിലും ദിവസം കൊണ്ടുവരിക. കഴിഞ്ഞ ദിവസം എന്നെ വന്നു കണ്ടു. മുലാഖാത്ത് പൊതുവിൽ നടന്നുവരുന്നതാണ്. എന്നാൽ അദ്ദേഹവുമായി നടത്തിയ സംഭാഷണത്തിലെ ചില കാര്യങ്ങൾ നിങ്ങളുമായി പങ്കുവെക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സത്യതക്കുള്ള ഒരു സാക്ഷ്യം കൂടിയാണ്. അല്ലാഹു ഇന്നും ആ മഹാത്മാവിനെ ഏതു രീതിയിലാണ് സഹായിക്കുന്നത് എന്ന് നോക്കുക. സംസാരമധ്യേ ഞാൻ ജങ്കെ മുഖദ്ദസ് എന്ന വിഷയം എടുത്തിട്ടു. അദ്ദേഹം പറഞ്ഞു. ഞാൻ അടുത്ത കാലത്താണ് ഇതുസംബന്ധമായി ഗവേഷണം നടത്തിയത്. ഹെന്റി മാർട്ടിൻ ക്ലാർക്ക് ഭൂതകാലത്തിൽ മറഞ്ഞുപോയെന്നും അദ്ദേഹത്തിന്നെതിരിലുണ്ടായിരുന്ന വ്യക്തി ലോകത്ത് വിജയച്ചിരിക്കുന്നു എന്നുമുള്ള സത്യം ഞാൻ ഇന്ന് തിരിച്ചറിഞ്ഞിരിക്കുന്നു. എനിക്ക് കുറച്ച് വർഷം മുമ്പുവരെ എന്റെ മുതുമുത്തച്ഛൻ ആരായിരുന്നു എന്നറിയില്ലായിരുന്നു. അടുത്ത കാലത്ത് ഞാൻ എന്റെ പൂർവ്വ പിതാക്കളെക്കുറിച്ച് അന്വേഷിച്ചപ്പോഴാണ് ഹെന്റി മാർട്ടിൻ ക്ലാർക്ക് എന്റെ മുതുമുത്തച്ഛനാണെന്ന് മനസ്സിലായത്. അരമണിക്കൂറോളം ഞങ്ങൾ സംസാരിച്ചു. വളരെ നിർത്തി നിർത്തി സൂക്ഷിച്ചാണ് എന്നോട് സംസാരിച്ചത്. ഇത് അദ്ദേഹത്തിന്റെ ശൈലിയായിരിക്കുമെന്ന് ഞാൻ കരുതി. പിന്നീട് അദ്ദേഹം ആസിഫ് സാഹിബിനോട് പറഞ്ഞത് ഞാൻ വളരെ വൈകാരികമായ ഒരവസ്ഥയിലായിരുന്നു എന്നാണ്. ആസിഫ് സാഹിബ് പിന്നീട് ഇതുമായി ബന്ധപ്പെട്ടുകൊണ്ട് പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام മാർട്ടിൻ ക്ലാർക്കിനെക്കുറിച്ച് ചില പരുഷമായ വാക്കുകൾ ഉപയോഗിച്ചതിനെക്കുറിച്ച് പറഞ്ഞുകൊണ്ട് അദ്ദേഹത്തോട് പറഞ്ഞു. മാർട്ടിൻ ക്ലാർക്കിന്റെ നിലപാടുകാരണമാണ് അങ്ങനെ ഉപയോഗിക്കേണ്ടി വന്നത്. ആ സംവാദത്തിൽ ഉണ്ടായ സാഹചര്യം അതായിരുന്നു. സംവാദം പൂർണ്ണമായും വായിക്കുന്ന ഒരു വ്യക്തിക്ക് വേഗം മനസ്സിലാകുന്ന കാര്യം വിജയം ഇസ്‌ലാമിനാണ് ഉണ്ടായത് എന്നാണ്. എന്നാൽ അയാൾ പറഞ്ഞുകൊണ്ടിരുന്നത് ഇസ്‌ലാം പരാജയപ്പെട്ടു എന്നും ക്രിസ്ത്യാനികളുടെ പക്ഷം വിജയിച്ചു എന്നുമാണ്. അപ്പോഴാണ് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞത് എന്നാൽ ദുആ മുഖേന നമുക്ക് തീരുമാനിക്കാം. അങ്ങനെ അല്ലാഹു വ്യക്തമായ അടയാളം കാണിക്കുന്നതാണ്. ഇതുകേട്ടപ്പോൾ അയാൾ പെട്ടെന്ന് പറഞ്ഞത് God has certainly even shown a sign today അല്ലാഹു അടയാളങ്ങൾ കാണിക്കുകയുണ്ടായി എന്നത് തീർച്ചയാണ്. ഇന്നും അടയാളം കാണിക്കുകയുണ്ടായി. മുലാഖാത്തിനെക്കുറിച്ച് അദ്ദേഹം വിവരിച്ചിരുന്നു. ആസിഫ് സാഹിബിനോട് ഇതെല്ലാം രേഖപ്പെടുത്താൻ ഞാൻ പറഞ്ഞിട്ടുണ്ട്.

ചുരുക്കത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സത്യസാക്ഷ്യം ഈ ഇസ്‌ലാമിക ശത്രുക്കളുടെ മക്കളുടെ നാവിൽ നിന്നുപോലും അല്ലാഹു വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഒന്നും മനസ്സിലാക്കാത്തവരുണ്ടെങ്കിൽ അത് മതത്തിന്റെ കുത്തകാവകാശികളായ ഈ മുല്ലാവർഗത്തിന് മാത്രം.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു. എന്നെ നിഷേധിക്കൽ എന്നോടുള്ള നിഷേധം മാത്രമല്ല. ഇത് അല്ലാഹുവിനെയും അവന്റെ റസൂൽ ﷺ യെയും നിഷേധിക്കലാണ്. കാരണം എന്നെ കളവാക്കുന്നവൻ എന്നെ കളവാക്കുന്നതിനുമുമ്പെ **نَعُوْذُ بِاللّٰهِ** അല്ലാഹുവിനെ കള്ളനായാണ് ചിത്രീകരിക്കുന്നത്. കാരണം അകത്തുംപുറത്തും കുഴപ്പം സീമകളെ അതിലംഘിച്ചതായി അവർ കാണുന്നു. إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحٰفِظُوْنَ ۝١٠ എന്ന വാഗ്ദാനമനുസരിച്ച് ഇതിനെ പരിഹരിക്കാനുള്ള ഒരു സംവിധാനവും അല്ലാഹു ഏർപ്പെടുത്തിയിട്ടില്ല എന്നും ഇസ്തിഖ്‌ലാഫ് എന്ന ആയത്തിൽ മൂസവീ പ്രസ്ഥാനത്തിൽ ഉണ്ടായിരുന്നതുപോലെ മുഹമ്മദീ പ്രസ്ഥാനത്തിലും ഖലീഫമാരെ നിയമിക്കുന്നതാണെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന് വിശ്വസിക്കുന്നുണ്ടെങ്കിലും **نَعُوْذُ بِاللّٰهِ** അവൻ ഈ വാഗ്ദാനം

പൂർത്തിയാക്കിയിട്ടില്ല എന്നും പറയേണ്ടിവരും. ഈ കാലത്ത് ഈ ഉമ്മത്തിന് ഒരു ഖലീഫയുമില്ല എന്നും പറയേണ്ടിവരും. ഇതുകൂടാതെ വിശുദ്ധ ഖുർആനിൽ **തിരുനബി** ﷺ യെ മൂസ عليه السلام ന്റെ സദൃശ്യനാക്കി എന്ന് പറഞ്ഞതും തെറ്റാണെന്ന് അംഗീകരിക്കേണ്ടതായിവരും. **نَعُوذُ بِاللّٰهِ** ഈ ഉമ്മത്തിന്റെ സമ്പൂർണ്ണമായ സാദൃശ്യത്തിനായി മൂസവീ പ്രസ്ഥാനത്തിൽ 14-ാം നൂറ്റാണ്ടിൽ ഒരു മസീഹ് വന്നുതുപോലെ 14-ാം നൂറ്റാണ്ടിൽ ഇതേ ഉമ്മത്തിൽ നിന്ന് ഒരു മസീഹ് ഉണ്ടാക്കേണ്ടതായിരുന്നു. ഇതിനു പുറമെ **وَّاٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ** എന്ന ആയത്തിൽ വരാനിരിക്കുന്ന ഒരു അഹ്മദീ പ്രതിപുരുഷനെക്കുറിച്ച് പറഞ്ഞതും നിഷേധിക്കേണ്ടതായി വരും. ഇതേപോലെ വിശുദ്ധ ഖുർആന്റെ മറ്റു പല ആയത്തുകളും നിഷേധിക്കേണ്ടതായി വരും. എനിക്ക് വ്യക്തമായി പറയാൻ കഴിയുന്ന ഒരു കാര്യം അൽഹംദു മുതൽ വന്നാസ് വരെയുള്ള മുഴുവൻ ഖുർആനും നിങ്ങൾക്ക് ഉപേക്ഷിക്കേണ്ടതായി വരും. ഇനി ചിന്തിക്കൂ. എന്നെ കളവാക്കിത്തള്ളുക എന്നത് എളുപ്പമുള്ള പ്രവർത്തിയാണോ എന്ന് ചിന്തിക്കുക. ഞാൻ ഇത് സ്വയം പറയുന്നതല്ല. അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് പറയുന്നു. എന്നെ ഉപേക്ഷിക്കുന്നവനും എന്നെ കള്ളവാദിയായി കരുതുന്നവനും അവൻ നാവുകൊണ്ട് പറയുന്നില്ലെങ്കിൽ തന്നെയും തന്റെ പ്രവർത്തനത്തിലൂടെ മുഴുവൻ ഖുർആനിനെയും കളവാക്കിത്തള്ളുകയാണ്. അവൻ അല്ലാഹുവിനെ ഉപേക്ഷിക്കുകയും ചെയ്യുന്നു. ഇതിലേക്ക് എന്റെ ഒരു ഇൽഹാമും സൂചന നൽകുന്നുണ്ട്. **അന്ത മിന്നീ വ അന മിന്ക.** എന്നെ കളവാക്കുന്നതിലൂടെ അല്ലാഹുവിനെയും കളവാക്കുകയാണ് ചെയ്യുന്നത്. എന്നെ അംഗീകരിക്കുന്നതിലൂടെ അല്ലാഹുവിനെ സത്യപ്പെടുത്തുകയും ചെയ്യുന്നു. അവന്റെ അസ്തിത്വത്തിൽ ശക്തമായ വിശ്വാസം ഉണ്ടാകുകയും ചെയ്യുന്നു. എന്നെ കളവാക്കുന്നത് എന്നെ മാത്രം കളവാക്കലാവില്ല. ഇത് റസൂൽ ﷺ യെ കളവാക്കലാണ്. അതിനാൽ എന്നെ കളവാക്കുന്നതിന് ധൈര്യം കാണിക്കുന്നതിനുമുമ്പെ നിങ്ങൾ അൽപമൊന്ന് ചിന്തിക്കുക. സ്വന്തം മനസ്സിനോട് ഫത്‌വ ചോദിക്കുക. നിങ്ങൾ ആരെയാണ് നിഷേധിക്കുന്നത്.''

വീണ്ടും പറയുന്നു. ''ഓർക്കുക. ഈ പോരാട്ടത്തിൽ നിങ്ങൾ നിങ്ങളുട കഴുത്തിനു തന്നെയാണ് കത്തിവെക്കുന്നത്. അതുകൊണ്ട് വെറുതെ തീയ്യിൽ കയ്യിടാതിരിക്കൂ. ആ തീ ആളിക്കത്തുകയും നിങ്ങളെ ബസ്മമാക്കിക്കളയുകയും ചെയ്തേക്കാം. ഇത് മനുഷ്യന്റെ പ്രവർത്തിയായിരുന്നെങ്കിൽ ഇതിനെ നശിപ്പിക്കാനായി പലരും രംഗപ്രവേശനം ചെയ്തേനെ എന്ന് ശരിക്കും മനസ്സിലാക്കുക. അങ്ങനെ ഇത് അതിന്റെ പ്രായം പൂർത്തിയാക്കുമായിരുന്നില്ല. അല്ലാഹുവിനോട് സംസാരിക്കുകയും ഇത്രയും കാലം സമാധാനത്തോടെ ജീവിക്കുകയും ചെയ്ത ഏതെങ്കിലും കള്ളവാദിയുടെ ഉദാഹരണം നിങ്ങളുടെ പക്കലുണ്ടോ. അഹോ കഷ്ടം നിങ്ങൾ ഒന്നും ചിന്തിക്കുന്നില്ല. തിരുനബി ﷺ യെക്കുറിച്ച് അല്ലാഹു പറഞ്ഞ വിശുദ്ധഖുർആനിലെ ആയത്തിനെക്കുറിച്ച്പോലും നിങ്ങൽ ചിന്തിക്കുന്നില്ല. അല്ലാഹു പറയുന്നു. നീ എന്നിൽ ഒരു കടുക് മണിയോളം കറ്റ്കെട്ടുകയാണെങ്കിൽ നിന്റെ ജീവനാഡി ഞാൻ അറുത്ത് കളയുന്നതാണ്.''

നബി ﷺ യെക്കാളും പ്രിയപ്പെട്ടവർ മറ്റാരുണ്ട്. എന്നിട്ടാണോ ഇത്രയും വലിയ കറ്റുകെട്ട് നടത്തിയും മറ്റുള്ളവർ സുരക്ഷിതമായിരിക്കുന്നത്. മാത്രമല്ല അല്ലാഹുവിന്റെ അനുഗ്രഹത്താൽ നിറഞ്ഞു കവിയുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് സഹോദരങ്ങളെ! ദേഹേച്ഛകളെ വർജ്ജിക്കുക. അല്ലാഹുവിന്റെ അറിവിൽ ഉള്ള കാര്യങ്ങളെക്കുറിച്ച് അതിരുകടന്ന് പിടിവാശി പിടിക്കല്ല. സ്വന്തം ശീലങ്ങളെ വെടിഞ്ഞ് പുതിയ മനുഷ്യനായിത്തീർന്ന് തഖ്‌വയുടെ മാർഗം സ്വീകരിക്കുക. നിങ്ങളിൽ കരുണ ചൊരിയപ്പെടുന്നതിനായി അല്ലാഹു നിങ്ങളുടെ തിന്മകളെ പൊറുത്തുതരട്ടെ. ഭയപ്പെടുക. പിൻതിരിയുക. നിങ്ങളിൽ മാന്യന്മാരായി ആരുമില്ലെ.

**وإن لم تنتهوا فسوف يأتي الله بنصرة من عنده وينصر عبده ويمزّق أعداءه ولا تضرونه شيئا**

നിങ്ങൾ പിന്തിരിയുന്നെങ്കിൽ അല്ലാഹു തന്റെ പ്രത്യേക സഹായവുമായി വരുന്നതാണ്. അവന്റെ ദാസനെ അവൻ സഹായിക്കുന്നതും അവന്റെ ശത്രു തുണ്ടം തുണ്ടമാക്കപ്പെടുന്നതുമാണ്. അവന് ഒരു നഷ്ടവും വരുത്താൻ നിങ്ങളെക്കൊണ്ടാവില്ല.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ എതിരാളികൾ ഈ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുമാറാകട്ടെ. അല്ലാഹു എല്ലാ സ്ഥലത്തും എല്ലാ അഹ്മദികളെയും എല്ലാ ശർറിൽ നിന്നും സംരക്ഷിക്കുമാറാകട്ടെ. അവന്റെ മുമ്പിൽ കൂടുതൽ കുമ്പിടാനും പ്രാർഥിക്കാനും തൗഫീഖ് നൽകുകയും ചെയ്യട്ടെ.

നമസ്ക്കാരത്തിന് ശേഷം ഇന്നും ചില ജനാസകൾ നമസ്ക്കരിക്കുന്നതാണ്. ഇതിൽ ഒന്നാമത്തെ ജനാസ ചുകാര ജില്ലയിലെ സകരീ സാഹിബിന്റെ ഭാര്യ മറിയം ഖാത്തൂൻ സാഹിബയുടേതാണ്. 5/12/2011 ന് വൈകുന്നേരം ഏകദേശം അഞ്ച് മണിക്ക് ജമാഅത്ത് അഹ്മദിയ്യ ചുകാര ജില്ലയിൽ വെച്ച് ചില അനഹ്മദികൾ അഹ്മദീ കുടുംബത്തെ ആക്രമിക്കുകയും ആ സമയത്ത് സ്ഥലത്ത്‌വെച്ച് തന്നെ ഇവർ വഫാത്താകുകയും ചെയ്തു. **اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ** ഇവർ ശഹീദാണ്. മുറബ്ബി ഹൗസുമായി ചേർന്നാണ് അവരുടെ വീട്. അതിന്റെ അടുത്ത് മറ്റ് അഹ്മദീ കുടുംബങ്ങളും താമസിക്കുന്നുണ്ട്. കുറച്ച് വർഷം മുമ്പ് എതിരാളികൾ ഇവിടെ അടുത്ത് കുറച്ച് സ്ഥലം വാങ്ങിയിരുന്നു. ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുമായി ഒത്തുകളിച്ചുകൊണ്ട് ഈ ശഹീദായവരുടെ കുടുംബത്തിന്റെ സ്ഥലം പിടിച്ചെടുക്കാൻ അവർ ശ്രമിച്ചുകൊണ്ടിരുന്നു. ഈ കേസ്സ് കോടതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. മുമ്പും എതിർ കക്ഷികൾ അക്രമിച്ചിരുന്നു. എന്നാൽ ആ സ്ഥലം പിടിച്ചെടുക്കാൻ അവർക്ക് സാധിച്ചിരുന്നില്ല. സംഭവംനടന്ന അന്നും അവർ ഈ സ്ഥലം പിടിച്ചെടുക്കാൻ ശ്രമിച്ചു. പോസ്റ്റ്മോർട്ടത്തിൽ നിന്നും മനസ്സിലാകുന്നത് ആയുധംകൊണ്ട് ശക്തമായ പ്രഹരം അവർക്ക് ഏറ്റിട്ടുണ്ടെന്നാണ്. അഹ്മദിയ്യത്ത് കാരണമായാണ് ഈ എതിർപ്പുകളെല്ലാം. അവരുടെ ഭർത്താവിന്റെ രണ്ടു സഹോദരിമാർക്കും പരിക്ക് പറ്റിയിട്ടുണ്ട്. എന്നാൽ അവരുടെ അവസ്ഥ ഇപ്പോൾ മെച്ചപ്പെട്ടുകൊണ്ടിരിക്കുകയാണ്. മരിച്ച സ്ത്രീയുടെ വയസ്സ് 25,26 ആണ്. കർഷക കുടുംബമാണ്. 1992 ൽ അവരുടെ അമ്മോശൻ ഈ സ്ഥലം വാങ്ങിയപ്പോൾ അഹ്മദിയ്യാ മസ്ജിദിന്റെ അടുത്തുള്ള കുറച്ച് സ്ഥലം ജമാഅത്തിന് നൽകിയിരുന്നു. അവിടെയാണ് മറബ്ബി ഹൗസ് ഉള്ളത്. എതിർ കക്ഷികൾ ഈ സ്ഥലമെല്ലാം പിടിച്ചെടുക്കാൻ കുറേയായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഹൈക്കോർട്ട് വരെ ഈ കേസ്സ് പോയതാണ്. ഹൈക്കോട്ടിലും അവർക്ക് പരാജയം നേരിടേണ്ടിവന്നു. കേസ്സ് മാറ്റിമറിക്കാൻ ശ്രമിച്ചു. പാക്കിസ്ഥാനിൽ നടക്കുന്നതുപോലെ ഉദ്യോഗസ്ഥരുമായി കണ്ട് റിക്കാർഡുകൾ മറ്റു രീതിയിൽ മാറ്റി മറിക്കാറുണ്ട്. അങ്ങനെ മാറ്റിമറിച്ചു. ഏതായിരുന്നാലും കേസ്സ് നടക്കുകയായിരുന്നു. വളരെ സങ്കീർണ്ണമായ അവസ്ഥയായിരുന്നു. ഡി.പി.ഒ ക്ക് ജമാഅത്ത് പരാതികൊടുത്തപ്പോൾ ഡി.പി.ഒ നമ്മുടെ അപേക്ഷ നിരസിച്ചു. എന്നിട്ട് പെട്ടി തുറന്ന് പറഞ്ഞത് എതിർകക്ഷിയെ പിണക്കാൻ എനിക്ക് പറ്റില്ല എന്നാണ്. മറിയം ഖാത്തൂൻ സാഹിബയുടെ വഫാത്തിന് ശേഷം അടുത്ത ജമാഅത്ത് ശേർഘഡ് ജില്ലയിൽ മറവ് ചെയ്തു. കുറ്റവാളികൾ പോലീസിന്റെ സഹായത്തോടെ ഓടി ഒളിച്ചിരിക്കുകയാണ്. ഭർത്താവിനെ കൂടാതെ മൂന്ന് ചെറിയ കുട്ടികളാണുള്ളത്. മൂത്ത കുട്ടിക്ക് ഒമ്പത് വയസ്സ്. ഒരു കുട്ടിക്ക് 4 വയസ്സ് മകൾക്ക് ആറര വയസ്സ്.

അസീമുന്നിസാഅ് സാഹിബയുടെതാണ് അടുത്ത ജനാസ. ബഹാദൂർ ഖാൻ സാഹിബ് ബേഖ് ഖാദിയാന്റെ ഭാര്യയാണിവർ. 2011 ഡിസംബർ 3 നാണ് വഫാത്തായത്. ബീഹാറിലെ മുങ്ങേർ നിവാസിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സഹാബി ഹദ്റത്ത് മിയാൻ ശാദീ ഖാൻ സാഹിബ് رضي الله عنه ന്റെ മരുമകളായിരുന്നു. ചെറുപ്പത്തിൽ തന്നെ ഖാദിയാനിൽ പോകാനായി പ്രാർഥിച്ചുകൊണ്ടേ ഇരുന്നു. ഒരു നീണ്ടകവിതയും ഇതു സംബന്ധമായി എഴുതിയിട്ടുണ്ട്. അല്ലാഹു അവരുടെ ഈ ദുആ കേൾക്കുകയും വിവാഹത്തിന് ശേഷം 1952 ൽ ഖാദിയാനിൽ വരികയും ചെയ്തു. പദ്യത്തിന്റെ ഒരു ഭാഗം ഇങ്ങനെയാണ്.

നാഥാ എന്റെ ഹൃദയാഭിലാശം ഇതാണ്.നീ എനിക്ക് ദാറുൽ അമാൻ ഖാദിയാന്റെ പുണ്യഭൂമി കാണിച്ചുതരേണമേ.

ഭർത്താവിനോടൊപ്പം ദർവേശമാരുടെ അതികഠിനമായ കാലഘട്ടം അവർ കഴിച്ചുകൂട്ടിയിട്ടുണ്ട്. വളരെ ആത്മാർഥതയോടും കൂറോടും കൂടി അവിടെ കഴിഞ്ഞു. ഭർത്താവിന്റെ മരണശേഷം നീണ്ട 29 വർഷം വിധവയായി ക്ഷമയോടും കൃതജ്ഞതയോടും കഴിച്ചുകൂട്ടി. കുട്ടികളെ പഠിപ്പിക്കുന്ന കാര്യത്തിലും ശിക്ഷണം നൽകുന്ന കാര്യത്തിലും വളരെയധികം ശ്രദ്ധിച്ചിരുന്നു. ഖുർആൻ കരീം പഠിപ്പിക്കുമായിരുന്നു. അഞ്ച് പെൺകുട്ടികളും ആൺകുട്ടിയുമുണ്ട്. അല്ലാഹു ഇവരുടെ പദവികൾ ഉയർത്തട്ടെ.

മൂന്നാത്തെ ജനാസ സൽമാൻ അഹ്മദ് സാഹിബ് മുബല്ലിഗ് ഇന്തോനേഷ്യയുടേതാണ്. 2011 ഡിസംബർ ഒന്നാം തീയ്യതിയാണ് വഫാത്തായത്. اِنَّا لِلّٰهِ وَاِنَّاۤ اِلَيْهِ رٰجِعُوْنَ ഹൃദ്രോഗം മൂലമാണ് വഫാത്തായത്. 1953 ലാണ് ജനിച്ചത്. 1978 ൽ ബൈഅത്ത് ചെയ്തു. 1979 ൽ റബ്‌വ ജാമിആയിൽ ഫസ്‌ലുൽ ഖാസിൽ പ്രവേശനം നേടി. ജൂലൈ 1985ൽ മൗലവി ഫാസിൽ പാസ്സായി. തിരിച്ച് ഇന്തോനേഷ്യയിലേക്ക് പോയി. വിവിധ സ്ഥലങ്ങളിൽ സേവനം ചെയ്യാനുള്ള ഭാഗ്യം ലഭിക്കുകയുണ്ടായി. വഫാത്തിന്റെ സമയത്ത് ബൻഡോക് ജമാഅത്തിൽ നിയമിതനായിരുന്നു. ഭാര്യയും മൂന്ന് കുട്ടികളുമുണ്ട്. അല്ലാഹു ഇവർക്ക് ധൈര്യം നൽകുകയും ഇദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുകയും ചെയ്യട്ടെ.

അൽഹാജ് ഡി.എം. കാലു സാഹിബിന്റേതാണ്. നാലാമത്തെ ജനാസ. 26/11/2011 നാണ് അൽപം രോഗശയ്യയിൽ കിടന്നതിനു ശേഷം വഫാത്തായത്. اِنَّا لِلّٰهِ وَاِنَّاۤ اِلَيْهِ رٰجِعُوْنَ ദാരിദ്രത്തിലാണ് പിറന്നുവീണത്. 15 വയസ്സുവരെ ചെരുപ്പിടാതെയാണ് അദ്ദേഹം ജീവിച്ചിരുന്നത് എന്ന് പറയാറുണ്ട്. വിജ്ഞാനത്തോടുള്ള താൽപര്യം വിജയസോപാനങ്ങളെ ചുംബിക്കാൻ അദ്ദേഹത്തിന് സാധിച്ചു. യുവാവായിരിക്കെ തന്നെ സെറാലിയോസിന്റെ പ്രൊഡ്യൂസർ മാർക്കറ്റിംങ് ബോർഡിന്റെ ചെയർമാനായി നിയമിതനായി. സ്വയം പഠിച്ചു വിദ്യ കരസ്ഥമാക്കി. സൽസ്വഭാവിയും ജനസമ്പർക്ക പ്രിയനും സാമ്പത്തിക ത്യാഗത്തിൽ മുൻനിരക്കാരനുമായിരുന്നു. മുഖ്‌ലിസായിരുന്നു. പെൺകുട്ടിയും ആൺകുട്ടികളും ഇദ്ദേഹത്തിനുണ്ട്. ഹാദിയ കാലു സാഹിബയാണ് അദ്ദേഹത്തിന്റെ ഭാര്യം. സെറാലിയോനിലെ നാഷണൽ സദ്ർ ലജ്നഇമാഇല്ലാ എന്ന സേവനം ചെയ്തുകൊണ്ടിരിക്കുകയാണ്. ടോമീ കാലു സാഹിബാണ് ഒരു മകൻ. ഇവിടെയാണ് താമസം. മുൻ ഖുദ്ദാമുൽ അഹ്മദിയ്യാ സദ്റാണ്. അല്ലാഹു ഇദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ഇദ്ദേഹത്തിന്റെ നന്മകൾ മക്കൾക്കും നിലനിർത്താൻ കഴിയട്ടെ. നമസ്ക്കാരത്തിനുശേഷം ഇവരുടെ എല്ലാവരുടെയും ജനാസ നമസ്ക്കരിപ്പിക്കും.


KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2011 December 09 at : Baitul Futuh London
Translation: M. Nasir Ahmed Kodiyathur 09497343704

Typing: M.P. Abdul Latheef Calicut.
Page Layout: T. Jamshad Mukkam.
Published by: **Majlis Khuddamul Ahmadiyya, North Kerala**